# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 548 27/07/2015 ൽ മറുപടിക്ക്

## ആർ.എം.എസ്.എ. പദ്ധതി -കുട്ടികളുടെ കൊഴിഞ്ഞുപോക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ഡോ.കെ.ടി.ജലീൽ<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ആർ.എം.എസ്.എ. പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്കൂളുകൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ആർ.എം.എസ്.എ. പദ്ധതി പ്രകാരമുള്ള സ്കൂളുകളിൽ അദ്ധ്യാപക നിയമനരീതി എങ്ങനെയാണ്; പ്രസ്തുത അദ്ധ്യാപകർക്ക് വേതനം നൽകുന്നത് ഏത് ഫണ്ടിൽ നിന്നാണെന്ന് വ്യക്തമാക്കുമോ; | ബി) ഗുണമേന്മയുള്ള സെക്കന്ററി വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കി വരുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് രാഷ്ട്രീയ മദ്ധ്യമിക് ശിക്ഷാ അഭിയാൻ. 75% കേന്ദ്ര വിഹിതവും 25% സംസ്ഥാന വിഹിതവും ഉൾപ്പെട്ട ധനസഹായത്തോടെയാണ് ഈ പദ്ധതി പ്രവർത്തിച്ചു വരുന്നത്. ഇത് പ്രകാരം അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിൽ ഒരു ഹെഡ്മാസ്റ്റർക്കും 5 ഹൈസ്ക്കൂൾ അദ്ധ്യാപകർക്കും മാത്രമാണ് കേന്ദ്ര ഗവ. വേതനം അനുവദിച്ചിട്ടുള്ളത്. അപ്ഗ്രേഡ് ചെയ്ത 112 ആർ.എം.എസ്.എ സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നത് അതാത് വിദ്യാഭ്യാസ ഉപഡയറക്ടർ മാരാണ്. പി.എസ്.സി മുഖേനയും പുനർ വിന്യാസ ത്തിലൂടെയും ചില സന്ദർഭങ്ങളിൽ വർക്ക് അറേഞ്ച്മെന്റിലും ദിവസവേതനാടിസ്ഥാനത്തിലും അദ്ധ്യാപകരെ നിയമിച്ചുവരുന്നു. |
| സി) ആർ.എം.എസ്.എ. പദ്ധതി പ്രകാരമുള്ള മിക്ക സ്കൂളുകളിലും ആവശ്യത്തിന് കെട്ടിടവും പഠിപ്പിക്കാൻ അദ്ധ്യാപകരുമില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാരണത്താൽ പ്രസ്തുത സ്കൂളുകളിൽ നിന്നും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഉള്ളതായി | സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആർ.എം.എസ്.എ. പദ്ധതി പ്രകാര അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിൽ ആവശ്യമായ തസ്തികക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മലയാളം, ഹി എന്നീ ഭാഷാധ്യാപകർക്ക് പുറമെ ആവശ്യമായ ( ഭാഷാധ്യാപകരുടെ തസ്തികകളും സൃഷ്ടിക്കാനാവശ്യ |

| | | | |
|---|---|---|---|
| | അറിയാമോ; | | നടപടികൾ സ്വീകരിക്കുന്നതാണ്. സ്വന്തമായി കെട്ടിടം പണിയുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| ഡി) | ആർ.എം.എസ്.എ പദ്ധതിയിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) | നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ